# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2603 — 12.02.2019-ന് മറുപടിയ്ക്ക്

## പിന്നാക്ക വിഭാഗക്കാർക്ക് പഠന സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ ഏതെല്ലാം പിന്നാക്ക വിഭാഗക്കാർക്കാണ് പഠന സൗകര്യം ഒരുക്കുന്നതിനുള്ള സഹായ സഹകരണങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (എ) ഒ.ബി.സി. വിഭാഗങ്ങൾക്ക് സംസ്ഥാനത്തിന് അകത്ത് ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിനും, സംസ്ഥാനത്തിന് പുറത്ത് കേന്ദ്ര സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ഒന്നര ലക്ഷം രൂപ വരുമാന പരിധിയ്ക്ക് വിധേയമായി ഒ.ബി.സി. ആനുകൂല്യവും, സംസ്ഥാനത്തെ സർക്കാർ / സർക്കാർ എയ്ഡഡ് കോളേജുകളിൽ എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരുമാന പരിധിയ്ക്ക് വിധേയമായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നുണ്ട്. ഇത് കൂടാതെ ഒ.ഇ.സി. വിഭാഗത്തിലെ 8 സമുദായങ്ങൾക്ക് വരുമാന പരിധി ബാധകമാകാതെ പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിച്ചുവരുന്ന മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നുണ്ട്. വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമായി ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തിയ 30 ഒ.ബി.എച്ച്. വിഭാഗങ്ങൾക്ക് 6 ലക്ഷം രൂപ വരുമാന പരിധിയ്ക്ക് വിധേയമായി ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചു വരുന്നുണ്ട്. |
| (ബി) ഈ വ്യവസ്ഥ പ്രകാരം കളമശ്ശേരി മണ്ഡലത്തിൽ എത്ര, ഏതെല്ലാം പഠന സൗകര്യമില്ലാത്ത പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്തു കൊടുത്തു ; പട്ടിക തിരിച്ച് വിവരം ലഭ്യമാക്കുമോ ? | (ബി) ആനുകൂല്യങ്ങൾ അനുവദിച്ചതിന്റെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ വകുപ്പ് ശേഖരിച്ചിട്ടില്ല. കളമശ്ശേരി മണ്ഡലത്തിലെ സർക്കാർ / സർക്കാർ എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഒ.ഇ.സി. പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യവും, സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഒ.ബി.സി. വിദ്യാർത്ഥി |

(.....2)

കൾക്ക് ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പും അനുവദിക്കുന്നുണ്ട്. പോസ്റ്റ്മെട്രിക് തലത്തിൽ സംസ്ഥാനത്തിനകത്ത്/പുറത്ത് എന്നീ വിഭാഗങ്ങളിലുൾപ്പെടുത്തി സർക്കാർ / സർക്കാർ എയ്ഡഡ് സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് ഒ.ഇ.സി. ആനുകൂല്യവും, സർക്കാർ / സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ ആനുകൂല്യവും അനുവദിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ